(സി) കേരളത്തിലെ സമ്പദ്ഘടനയും മാനവശേഷി ഉപഭോഗവും കണക്കിലെടുത്ത് യോജിച്ച കോഴ്സുകൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനികവും വിപുലമായ തൊഴിൽ സാദ്ധ്യതകളുള്ളതുമായ പതിനാറ് ട്രേഡുകൾ മാത്രമേ പുതിയ ഐ.ടി.സി. കളിൽ/ബാച്ചുകളിൽ അനുവദിക്കുകയുള്ളൂ.

(സി) കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ നിബന്ധനകളനുസരിച്ച് പുതിയ ഐ.ടി.സി. കൾ/ട്രേഡുകൾ ആരംഭിക്കാൻ സ്വകാര്യ വ്യക്തികൾ/ട്രസ്റ്റുകൾ/സംഘടനകൾ സമർപ്പിക്കുന്ന അപേക്ഷകൾ ചട്ടപ്രകാരമുള്ള പരിശോധനയ്ക്ക് വിധേയമായി അഫിലിയേഷൻ ഉറപ്പുവരുത്തിയാണ് പുതിയ ഐ.ടി.സി.കൾ/കോഴ്സുകൾ ആരംഭിക്കുന്നത്. ഇതിനുള്ള വ്യവസ്ഥകൾ 31.12.99 ലെ ജി.ഒ. (എം.എസ്) 150/99/തൊഴിൽ എന്ന ഉത്തരവിൽ ഉണ്ട്.

വൈകിക്കിട്ടിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭയിലെ അംഗങ്ങളെക്കുറിച്ച് പരാതി

(736)ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മന്ത്രിസഭയിലെ അംഗങ്ങളെക്കുറിച്ച് സർക്കാർ ജീവനക്കാരിൽ നിന്നും എന്തെങ്കിലും പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെക്കുറിച്ച്; ആരെല്ലാമാണ് പരാതി നൽകിയിട്ടുള്ളത്;

(ബി) ഇങ്ങനെ ലഭിച്ച പരാതികളിൻമേലോ പരാതിയിലോ മുഖ്യമന്ത്രി സ്വീകരിച്ച അനന്തര നടപടികൾ എന്തെല്ലാമാണ്;

(സി) വനിതാ ജീവനക്കാർ പരാതിപ്പെട്ടാൽ മേലധികാരികൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സുപ്രീംകോടതി എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽപറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ വിധിയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളിൽ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) വനം ഗതാഗതവകുപ്പുമന്ത്രിയായിരുന്ന ശ്രീ. നീലലോഹിതദാസൻ നാടാർക്കെതിരെ ഗതാഗതവകുപ്പു സെക്രട്ടറിയായിരുന്ന ശ്രീമതി നളിനി നെറ്റോ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പരാതി ചീഫ് സെക്രട്ടറി മുഖേന പോലീസ് ഡയറക്ടർ ജനറലിന് അനന്തര നടപടികൾക്കായി കൈമാറുകയും മ്യൂസിയം

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷനിൽ ക്രൈം 47/2000 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ഉണ്ടായി. കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

(സി) ഉണ്ട്. റിട്ട് പെറ്റിഷൻ ക്രിമിനൽ നമ്പർ 666-70/1992-ലെ വിധിയിൽ ഈ വിഷയത്തിൽ പാലിക്കപ്പെടേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരു പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിന്നോക്ക സമുദായത്തിന് അർഹമായ പ്രാതിനിധ്യം

(747) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എം. മുരളി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പിന്നോക്ക സമുദായത്തിനും സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനാവശ്യമായ വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പല പിന്നോക്ക സമുദായങ്ങൾക്കും സർക്കാർ അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന റിപ്പോർട്ടുകൾ ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ക്രീമി ലെയർ നിശ്ചയിച്ചതു സംബന്ധിച്ച പഠനങ്ങളിൽ തെറ്റ് കടന്നുകൂടിയതായി ഗവണ്മെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ) പിന്നോക്ക സമുദായക്കാർക്ക് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മിഷനെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്രകാരം ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംവരണ തസ്തികകളുടെ ടേൺ നിശ്ചയിക്കുന്ന മാനദണ്ഡം

(754) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly